www.malankaralibrary.com

**മണലും മാഫിയയും**

**ഡോ. കെ.എം. ഫ്രാൻസീസ്**

കേന്ദ്ര സർക്കാരും കേരള സർക്കാരും പുഴയിലെ മണൽ വാരി വിറ്റ് പണമുണ്ടാക്കാനുള്ള സാധ്യതകൾ അന്വേഷിക്കുകയാണ്. ഇതിനാവശ്യമായ സർക്കാർ ഉത്തരവുകൾ രൂപപ്പെടുന്നതിനെക്കുറിച്ച് പത്രത്തിൽ വാർത്തകൾ വന്നുവെങ്കിലും ചാനലുകളിലെ അന്തിചർച്ചകളിൽ പരിസ്ഥിതിവാദികൾ ഇനിയും ഇതിനെതിരെ പ്രതികരിച്ചിട്ടില്ല. കേരളത്തിലെ പുഴകളിൽനിന്ന് മണൽ ഊറ്റിയെടുക്കുന്നത് നിയമം മൂലം തടഞ്ഞിട്ട് അനേകം വർഷങ്ങളായി. പുഴയിലെ മണൽ വാരിയെടുത്താൽ സമീപപ്രദേശങ്ങളിലെ കിണറുകളിലെ വെള്ളം വറ്റുമെന്നും പുഴയുടെ തീരം ഇടിഞ്ഞുവീണ് പുഴ തന്നെ അപ്രത്യക്ഷമാകുമെന്നും ശാസ്ത്രത്തെക്കുറിച്ച് സാഹിത്യമെഴുതി ശാസ്ത്രജ്ഞന്മാരായവർ ജനത്തെ പഠിപ്പിച്ച് തയ്യാറാക്കിയിട്ടുണ്ട്. അതുകൊണ്ട് ആ വാദങ്ങളെല്ലാം നുണയായിരുന്നുവെന്ന് അംഗീകരിക്കാതെ മലയാളിയുടെ സാമൂഹിക അബോധ മനസ്സിന് സർക്കാർ നയം സ്വീകരിക്കുക അസാധ്യമാണ്.

പരിസ്ഥിതിയുടെ ഉപയോഗം മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. പാറ പൊട്ടിക്കാതെ, കളിമണ്ണു കൊണ്ട് ഇഷ്ടിക നിർമ്മിക്കാതെ, മരങ്ങൾ വെട്ടാതെ, മൃഗങ്ങളെ കൊല്ലാതെ... മനുഷ്യന് ജീവിക്കാൻ സാധ്യമല്ല. ഇപ്പോൾ കേരളത്തിൽ ചെയ്യുന്നത് ഭരിക്കുന്ന പാർട്ടിയുടെ നയങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ഇച്ഛാശക്തി മാത്രമാണ് ഒരു നയം നടപ്പിലാക്കാനുള്ള മാനദണ്ഡം. 'അന്ന് ഞങ്ങൾ മണൽ വാരരുത് എന്നു പറഞ്ഞു, ഇന്ന് ഞങ്ങൾ മണൽ വിൽക്കുമെന്ന് പറയും. താനാരാടോ ചോദിക്കാൻ' എന്ന വാദം മാത്രമാണ് സർക്കാരുകളെ നിയന്ത്രിക്കുന്നത്. എന്നാൽ മന്ത്രിമാർ പഠനം നടത്താൻ പോകുന്ന വിദേശരാജ്യങ്ങളിൽ പലതിലും പുഴകളിൽ നിന്ന് മണൽ ഊറ്റുന്നുമുണ്ട്, പുഴകൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. അങ്ങിനെ പ്രകൃതി സംരക്ഷിക്കപ്പെടുന്ന രാജ്യങ്ങളുണ്ടെങ്കിൽ അവർക്ക് അടിസ്ഥാനപരമായ പരിസ്ഥിതി നയങ്ങളുണ്ട്.

**അടിസ്ഥാന പരിസ്ഥിതി നയം**

പരിസ്ഥിതി സംരക്ഷണ വാദമുഖങ്ങൾ മൂന്ന് തത്വത്തിന്മേലാണ് അടിയുറപ്പിച്ചിരിക്കുന്നത്.

a. മനുഷ്യകേന്ദ്രീകൃത വാദം (anthropocentrism)

b. പ്രകൃതി കേന്ദ്രീകൃതവാദം (eccocentrists)

c. സുസ്ഥിര വികസനവാദം (sustainability arguement)

ആദ്യത്തെ വിഭാഗം മനുഷ്യകേന്ദ്രീകൃത വാദക്കാരാണ്. പ്രകൃതിയിലുള്ള ഏത് വസ്തുവും മനുഷ്യന്റെ ഉപയോഗത്തിനാണെന്ന് ഇക്കൂട്ടർ ഉന്നയിക്കുന്നു. പ്രകൃതിയുടെ പരിമിതികളെ മറികടക്കുന്നതാണ് മനുഷ്യന്റെ തനിമയെന്ന് ഇവർ വാദിക്കുന്നു. മരങ്ങൾ വെട്ടുക, മൃഗങ്ങളെ ഉപഭോഗം ചെയ്യുക ഇവയുടെയെല്ലാം മാനദണ്ഡം മനുഷ്യന് ആവശ്യമാണോ അല്ലയോ എന്നത് മാത്രമാണ്.

രണ്ടാമത്തെ വിഭാഗം പ്രകൃതിയെ ആരാധിക്കാനുള്ള യാഥാർത്ഥ്യമായി കാണുന്നു. അവർ പറയുന്നത് നിരന്തരം ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്യുന്ന അമ്മയാണ് പ്രകൃതി. അതുകൊണ്ട് പ്രകൃതിയെ ഉപയോഗിക്കാനുള്ളതല്ല, ആരാധിക്കാനുള്ളതാണ്.

ഇവർ രണ്ടു വിഭാഗം ഉന്നയിക്കുന്നതിലും ചില ഭാഗിക ശരികളുണ്ട്. അതുകൊണ്ടാണ് ഇവ രണ്ടിനെയും സമന്വയിപ്പിച്ച് ഉപയോഗിക്കുകയും ഭാവി തലമുറയ്ക്കു വേണ്ടി നിലനിർത്തുകയും ചെയ്യുക എന്ന സുസ്ഥിര വികസനം (Sustainable development) എന്ന നയം ശാസ്ത്രജ്ഞന്മാർ മുന്നോട്ടു വയ്ക്കുന്നത്. ഈ നയമനുസരിച്ച് പുഴയിൽ നിന്ന് മണലൂറ്റാമോ എന്ന ചോദ്യത്തിന്, പുഴയെ ഭാവിതലമുറയ്ക്കായ് നിലനിർത്തുന്ന വിധത്തിൽ എന്നതാണ് ഉത്തരം.

**മണലെടുത്താൽ പുഴ മരിക്കുമോ?**

www.malankaralibrary.com

പുഴയിൽ നിന്ന് മണലെടുത്തില്ലെങ്കിൽ പുഴ മരിക്കും എന്നത് പലർക്കും അജ്ഞാതമാണ്. മഴ വെള്ളത്തിന് ഒഴുകിപ്പോകാൻ പ്രകൃതി തന്നെ സൃഷ്ടിച്ച വഴികളാണ് പുഴകൾ. എന്നാൽ പുഴകളിൽ മണൽ നിറഞ്ഞാൽ അത് എടുത്തു മാറ്റാനുള്ള കഴിവ് പുഴയ്ക്കില്ല. ഇവിടെ മനുഷ്യന്റെ ഇടപെടൽ ആവശ്യമാണ്. തൃശൂർ പട്ടണത്തിൽ മഴ മൂലം ലഭിക്കുന്ന ജലം നഗരത്തിന്റെ പരിസരത്തുള്ള താഴ്ന്ന പ്രദേശത്തേക്ക് ഒഴുകിപ്പോകാൻ ചാലുകളുണ്ട്. എന്നാൽ ഈ ചാലുകളിൽ മണ്ണും മണലും നിറയുമ്പോൾ റോഡ് തോടായി മാറുന്നു. ഇത്തരത്തിൽ കാലാകാലങ്ങളിൽ പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയ മണലും എക്കലും എടുത്തു മാറ്റാത്തതുകൊണ്ട് പുഴയുടെ ജലസംഭരണശേഷി നഷ്ടപ്പെട്ട് ചാലക്കുടിയും, ആലുവയും പറവൂരും പോലുള്ള മനുഷ്യവാസകേന്ദ്രങ്ങൾ പുഴകളായി മാറിയത്.

അതുകൊണ്ട് പുഴകളിലെ മണലും എക്കലും വർഷാവർഷം എടുത്തുമാറ്റിയില്ലെങ്കിൽ സമീപ ഭാവിയിൽ കേരളത്തിലെ പുഴകൾ മരിക്കും. പുഴയിലെ മണൽ നിശ്ചിത അളവിൽ മാറ്റണമെന്ന് വാദിക്കുമ്പോൾ ലേഖകൻ പുഴയിലെ മണലെല്ലാം ഊറ്റിയെടുക്കുന്ന മനുഷ്യകേന്ദ്രീകൃത വാദക്കാരനാണെന്ന് മുദ്ര കുത്തരുത്. ഒരു മനുഷ്യന്റെ ശരീരത്തിൽ നിന്ന് രക്തം ഊറ്റിയെടുത്ത് മറ്റൊരു മനുഷ്യന് നൽകാം എന്നത് പൊതുപ്രസ്താവനയാണ്. എത്ര രക്തം ഊറ്റിയെടുക്കാം? ആർക്ക് എടുക്കാം? ആരിൽ നിന്ന് എടുക്കാം? എന്നീ കാര്യങ്ങൾ നിർണ്ണയിക്കേണ്ടത് ശരീരശാസ്ത്രജ്ഞന്മാരാണ്. അതുപോലെ മണൽ എവിടെനിന്ന് എടുക്കണം? എത്ര അളവ് എടുക്കണം? എങ്ങനെ എടുക്കണം? എന്നെല്ലാം തീരുമാനിക്കേണ്ടത് ആ വിഷയം കൈകാര്യം ചെയ്യുന്ന ശാസ്ത്രജ്ഞന്മാരാണ്. ഇന്ത്യയിലും കേരളത്തിലും പുഴയെ സ്നേഹിക്കുന്ന സമൂഹമുണ്ടോ? പല വിദേശ രാജ്യങ്ങളിലും പുഴയിലേക്ക് അഭിമുഖമായിട്ടാണ് കെട്ടിടങ്ങളും വീടുകളും പണിയുന്നത്. പുഴയുടെ ഇരുവശവും റോഡാണ്. എന്നാൽ കേരളത്തിൽ ഞാൻ കണ്ട പുഴകളെ അഭിമുഖീകരിക്കുന്നത് വീടുകളുടെയും കെട്ടിടങ്ങളുടെയും മല, മൂത്രവിസർജ്ജന സാധ്യതകളാണ്. ഈ വൈരുദ്ധ്യം തന്നെ തെളിയിക്കുന്നത് പുഴകളോടുള്ള സ്നേഹം കവിതയിൽ അവസാനിക്കുന്നുവെന്നാണ്.

**മാഫിയ മാഫിയ മാഫിയ**

ഒരു പുഴയിൽ നിലനിർത്തേണ്ട ഒപ്റ്റിമം (optimum) മണലിനേക്കാൾ കൂടുതലുള്ള മണൽ എടുത്തുമാറ്റി പുഴകളെ സംരക്ഷിക്കാനുള്ള സർക്കാരിന്റെ ശ്രമം വിജയിക്കുമോ? ഈ ശ്രമം ജനങ്ങളിൽ നിന്ന് ഭീകരമായ എതിർപ്പിനെ ഉയർത്തിവിട്ടേക്കാം. അതിന്റെ ഉത്തരവാദിത്വം രാഷ്ട്രീയക്കാർക്കുണ്ട്. കേരളത്തിലെ വികസനപ്രവർത്തനങ്ങളെ രാഷ്ട്രീയക്കാർ ഉപയോഗിക്കുന്നത് രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടി മാത്രമാണ്. വടക്കാഞ്ചേരി മേൽപ്പാലം യാഥാർത്ഥ്യവൽക്കരിക്കാൻ നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ശ്രമിച്ചിരുന്നു. അതിനിടയിൽ മുഖ്യമന്ത്രി നായനാരുടെ മേശപ്പുറത്ത് വടക്കാഞ്ചേരിയിലുള്ള ഒരു സാംസ്കാരിക പ്രവർത്തകന്റെ കുറിപ്പ് കിട്ടിയത് ഇങ്ങനെയാണ്, 'മേൽപ്പാലം ഇപ്പോൾ പാർട്ടിയ്ക്ക് ഗുണകരമല്ല.'

സൂപ്പർ എക്സ്പ്രസ് ഹൈവേയ്ക്കെതിരെ ജനങ്ങളെ സംഘടിപ്പിച്ച് രാഷ്ട്രീയ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. എന്നാൽ കോഴിക്കോടു മുതൽ മംഗലാപുരം വരെ നല്ല റോഡു പണിയുക എന്ന മോഹത്തിന് ആ നാട്ടുകാർ തന്നെ എതിരായി മാറി. ശാസ്ത്രീയ കാര്യങ്ങളെ രാഷ്ട്രീയ നേട്ടങ്ങൾക്കായി ദുരുപയോഗിച്ചതു മൂലം കേരളത്തിലുണ്ടായ ചില വികസന പ്രതിസന്ധികളാണ് 'വയൽക്കിളികൾ'. അനാവശ്യമായി കുമിഞ്ഞുകൂടിയ മണലെടുക്കാൻ സർക്കാർ ശ്രമിച്ചാൽ ഉടനെ തന്നെ 'മാഫിയ, മാഫിയ, മാഫിയ' എന്ന മുദ്രാവാക്യവുമായി ആയിരങ്ങൾ പ്രത്യക്ഷപ്പെടും. ചാനൽ ചർച്ചകൾ രൂപം കൊള്ളും. പുഴയെ സംരക്ഷിക്കാനുള്ള ശ്രമം രാഷ്ട്രീയ പരാജയമായി മാറും.

**ഭൂമാഫിയ**

മണൽ മാഫിയ പോലെ മറ്റൊരു പ്രയോഗമാണ് ഭൂമാഫിയ. 2007 ൽ ശ്രീ. എം.എ. ബേബി അവതരിപ്പിച്ച വിദ്യാഭ്യാസ ബില്ലിൽ കേരളത്തിലെ ക്രൈസ്തവർ ന്യൂനപക്ഷമല്ല എന്ന് സ്ഥാപിക്കാൻ ശ്രമം നടന്നു. അതിനുപോൽബലകമായ ചില പ്രമേയങ്ങൾ ശ്രീ. എം.എ. ബേബി അവതരിപ്പിച്ചു. അതിൽ ഒരു പ്രമേയം കേരളത്തിലെ ക്രൈസ്തവർക്ക് ഹിന്ദുക്കളേക്കാൾ കൂടുതൽ ഭൂമിയുണ്ടെന്നാണ്. ഈ അസന്തുലിതാവസ്ഥ സാമൂഹിക പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നായിരുന്നു അദ്ദേ

www.malankaralibrary.com

ഹത്തിന്റെ കണ്ടെത്തൽ. ഈ പ്രസ്താവനകളാണ് ഹിന്ദുത്വവാദികൾ പ്രധാനമായും ക്രിസ്ത്യാനികൾക്കെതിരെ ഉപയോഗിക്കുന്നത്. പ്രസിദ്ധ ഹിന്ദുത്വവാദിയും ഇൻഫിനിറ്റി ഫൗണ്ടേഷൻ സ്ഥാപകനുമായ രാജീവ് മൽഹോത്ര അന്താരാഷ്ട്ര വേദികളിൽ ഇക്കാര്യം ഇന്ത്യയിലെ ക്രൈസ്തവർ ഹിന്ദുക്കളേക്കാൾ ധനവാന്മാരാണെന്ന് കാണിക്കാൻ ഉപയോഗിക്കുന്നു. ഇങ്ങനെ ഭൂമി കൈവശമാക്കാൻ ക്രിസ്ത്യാനികൾക്ക് കഴിഞ്ഞത് ബ്രിട്ടീഷ് സർക്കാരിന്റെ ഒത്താശയോടുകൂടിയാണെന്നും അദ്ദേഹം വാദിക്കുന്നു.

ഈ അസന്തുലിതാവസ്ഥ ഇല്ലാതാക്കാൻ വേണ്ടിയായിരിക്കണം ഇടുക്കി ജില്ലയിലെ 123 വില്ലേജുകൾ പരിസ്ഥിതി ലോലമാണെന്ന് കസ്തൂരി രംഗൻ എന്ന ഭൗതിക ശാസ്ത്രജ്ഞൻ പ്രഖ്യാപിച്ചത്. കന്യാകുമാരി മുതൽ ഗുജറാത്തു വരെ വ്യാപിച്ചു കിടക്കുന്നതാണ് പശ്ചിമഘട്ടം. ഈ പശ്ചിമഘട്ടത്തിലെ ജനവാസ കേന്ദ്രങ്ങളാണ് വാൽപ്പാറ, കൊടൈക്കനാൽ, ഊട്ടി, ഗൂഢല്ലൂർ, മെർക്കാറ മുതലായ സ്ഥലങ്ങളെല്ലാം. ഇവിടെയൊന്നുമില്ലാത്ത പരിസ്ഥിതി ലോലത്വം കസ്തൂരിരംഗൻ എങ്ങനെ ഇടുക്കി ജില്ലയിൽ കണ്ടെത്തി? കസ്തൂരി രംഗൻ ഒരു പരിസ്ഥിതി ശാസ്ത്രജ്ഞനാണോ? മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ കേരളത്തിലെ ജനങ്ങൾക്ക് യാതൊന്നും സംഭവിക്കില്ല എന്ന് റിപ്പോർട്ട് എഴുതിയ സുപ്രീം കോടതി ജസ്റ്റിസ് പരിസ്ഥിതി ശാസ്ത്രജ്ഞനാണോ? കസ്തൂരി രംഗൻ പരിസ്ഥിതി ശാസ്ത്രജ്ഞനല്ല. സർക്കാരിന് പാദസേവ ചെയ്യുന്നവർക്ക് വലിയ പ്രതിഫലം നൽകി പരിപോഷിപ്പിക്കുന്നതാണ് കമ്മീഷൻ ചെയർമാൻ സ്ഥാനം. അവരിൽ പലരും ശാസ്ത്രത്തെയല്ല സേവിക്കുന്നത്, രാഷ്ട്രീയ ഇഷ്ടാനിഷ്ടങ്ങളെയാണ്. അതുകൊണ്ടു തന്നെ രാഷ്ട്രത്തിന്റെ ഭാവി മങ്ങിയതാണ്. മലയോര മേഖലയിൽ ഉപജീവനം നടത്തുന്ന ലക്ഷോപലക്ഷം ചെറുകിട കർഷകരെ ഭൂമാഫിയക്കാർ, വനം കൊള്ളക്കാർ എന്ന് മുദ്ര കുത്താൻ മാത്രമാണ് കസ്തൂരി രംഗൻ റിപ്പോർട്ടിന് കഴിഞ്ഞത്. ഊട്ടിയിലും കൂന്നൂരും കോട്ടഗിരിയിലും മെർക്കാറയിലും കൊടൈക്കനാലിലും സൗത്ത് കാനറയിലുമുള്ള വനമേഖലകളിൽ കൃഷി ചെയ്യുന്നവരാരും പശ്ചിമഘട്ടത്തിന്റെ ശത്രുക്കളല്ല; ഇടുക്കിയിലുള്ളവർ മാത്രമാണ് പ്രകൃതിവിരുദ്ധർ, ഭൂമാഫിയക്കാർ.

**പ്രകൃതിയുടെ സംരക്ഷകനാണ് മനുഷ്യർ**

ഈ വർഷം ആസ്ട്രേലിയൻ വൻകരയിൽ 10,000 ഒട്ടകങ്ങളെ വെടിവച്ചു കൊന്നു. ഒട്ടകങ്ങൾ 1850 കളിൽ ആസ്ട്രേലിയയിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ടതാണ്. എന്നാൽ ഇന്ന് അവയുടെ എണ്ണം 10 ലക്ഷം കവിയുകയും ഭൂഖണ്ഡത്തിന്റെ ജൈവവ്യവസ്ഥിതിയെ തന്നെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ആസ്ട്രേലിയയിലെ ആദിവാസികളുടെ കൃഷിയിടങ്ങളും ജലസ്രോതസ്സുകളും ഇവ ഇല്ലാതാക്കാൻ ആരംഭിച്ചു. ഈ പ്രതിസന്ധിയിലാണ് ഒട്ടകങ്ങളെ കീട (pest) മായി നിർവ്വചിച്ച് ആസ്ട്രേലിയൻ ഗവൺമെന്റ് കൊന്നൊടുക്കുന്നത്. പതിവുപോലെ പ്രകൃതിയെ ആരാധിക്കുന്നവർ പ്രതിഷേധവുമായെത്തി. എങ്കിലും അത് ജനങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നമാണെന്ന് മനസ്സിലാക്കി ജനങ്ങൾ പിന്തുണച്ചു.

പശ്ചിമഘട്ട മലനിരകളുടെ താഴ്വാരങ്ങളിൽ ജീവിക്കുന്ന കർഷകർ മൃഗങ്ങളുടെ ശല്യം മൂലം തകർക്കപ്പെടുകയാണ്. കാട്ടുപന്നികളുടെ ക്രമാതീതമായ വളർച്ച ജൈവവൈവിധ്യത്തിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തിയേക്കാം. എന്നാൽ കേരളത്തിൽ എല്ലാം രാഷ്ട്രീയമാണ്. മൃഗങ്ങളുടെ എണ്ണം കൂടിയാലും പ്രശ്നമാണ്, കുറഞ്ഞാലും പ്രശ്നമാണ് എന്ന ചിന്ത പ്രകൃതിസ്നേഹികൾക്ക് മനസ്സിലാകുന്നില്ല. മനുഷ്യന്റെ എണ്ണം വർദ്ധിച്ചാൽ അവയെ എങ്ങനെ ഇല്ലാതാക്കാം എന്നാണ് കേന്ദ്രസർക്കാർ മുതൽ ഭൂരിഭാഗം പേരും ചിന്തിക്കുന്നത്. സുസ്ഥിര വികസനം (Sustainable development) എന്ന ചിന്ത പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കുമ്പോൾ പരിഗണിക്കപ്പെടുന്ന ഒരു നല്ല നാളേയ്ക്കായി കാത്തിരിക്കാം.